**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2421** **12-12-2022 - ൽ മറുപടിയ്ക്ക്**

# മുൻഗണനാ വിഭാഗത്തിൽ നിന്നും പൊതു വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരായ റേഷൻ കാർഡ് ഉടമകൾക്ക് പൊതു വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരായവർക്ക് പൊതു വിഭാഗത്തിലേക്ക് മാറ്റുന്നതിനായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ കാർഡ് സറണ്ടർ ചെയ്യാവുന്നതാണ്.<br><br>അനർഹമായി മുൻഗണന റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്ന വ്യക്തികളുടെ പേരിൽ കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ - ലെ ഖണ്ഡിക 11 പ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.<br><br>1. നിയമത്തിലെ സെക്ഷൻ 9 പ്രകാരമുള്ള ക്രിമിനൽ നടപടികൾ.<br><br>2. കേന്ദ്ര / സംസ്ഥാന സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ സഹകരണ മേഖല/ സർക്കാർ സഹായത്തോടെയുള്ള സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ അനർഹമായി കാർഡുകൾ കൈവശം വച്ചിട്ടുണ്ടെങ്കിൽ അവർക്കെതിരായ വകുപ്പുതല അച്ചടക്ക നടപടികൾ.<br><br>3. റേഷൻ കാർഡ് റദ്ദാക്കൽ.<br><br>4. ഫൈൻ ഈടാക്കാറുണ്ട്. കാലാകാലങ്ങളിൽ സർക്കാർ തീരുമാനിച്ച കമ്പോള നിരക്കിലുള്ള വില, സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം വീണ്ടെടുക്കുന്നതിനായി ഈടാക്കാറുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അങ്ങനെ മാറ്റുന്നതിനായി സ്വയം അപേക്ഷ സമർപ്പിച്ചാൽ ഫൈൻ ഈടാക്കുന്ന അവസ്ഥ നിലവിലുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ? | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ